**No. CEE/4050/2016/KEAM-2017/TA1**

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്
# എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനം -2017
# രണ്ടാം ഘട്ട അലോട്ട്മെന്റ് സംബന്ധിച്ച്

കേരളത്തിലെ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളെ ഉൾപ്പെടുത്തിക്കൊണ്ട് എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്ക് നടത്തുന്ന രണ്ടാം ഘട്ട അലോട്ട്മെന്റ് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്കർഷിച്ചിട്ടുള്ള സമയക്രമം അനുസരിച്ച് 2017 ആഗസ്റ്റ് 18 ന് പ്രസിദ്ധീകരിക്കുന്നതാണ്. ഈ അലോട്ട്മെന്റിൽ സർക്കാർ/ സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയക്കും, സ്വാശ്രയ ദന്തൽ കോളേജുകളിലേയ്ക്കും, സ്വാശ്രയ ആയുർവേദ കോളേജുകളിലേയക്കും മാത്രമായിരിക്കും അലോട്ട്മെന്റ് നടത്തുക. മറ്റ് കോഴ്സുകളിലേയ്ക്കും കോളേജുകളിലേയ്ക്കുമുള്ള അലോട്ട്മെന്റ് പിന്നീട് നടത്തുന്നതായിരിക്കും.

മറ്റ് കോഴ്സുകളിൽ/കോളേജുകളിൽ ഇതിനോടകം പ്രവേശനം നേടിയിരിക്കുന്നവർക്ക് ഈ ഘട്ടത്തിൽ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിച്ച ശേഷം ഏതെങ്കിലും കാരണത്താൽ കോളേജിൽ പ്രവേശനം നേടുന്നില്ലെങ്കിൽ നേരത്തേയുണ്ടായിരുന്ന അഡ്മിഷൻ നിലനിർത്തുന്നതായിരിക്കും. എന്നാൽ ഇതിനോടകം പ്രവേശനം നേടിയിരിക്കുന്ന കോളേജിൽ/കോഴ്സിൽ നിന്ന് വിടുതൽ (TC) വാങ്ങുന്ന പക്ഷം നിലവിലുള്ള അഡ്മിഷൻ പുന:സ്ഥാപിക്കുന്നതല്ല.

സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടില്ലാത്ത സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ബഹു.സുപ്രീം കോടതിയുടെ 14.08.2017 ലെ ഉത്തരവ് പ്രകാരവും, ബഹു. ഹൈക്കോടതിയുടെ അന്തിമ തീർപ്പിന് വിധേയമായും 5 ലക്ഷം രൂപയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റായും ബാക്കി തുകയായ 6 ലക്ഷം രൂപ ബാങ്ക് ഗ്യാരണ്ടിയായോ തുകയായോ പ്രവേശന സമയത്ത് നൽകേണ്ടതാണ്. എന്നാൽ കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനു കീഴിൽ വരുന്ന സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 85% സീറ്റുകളിൽ 5 ലക്ഷം രൂപയും ദന്തൽ കോളേജിലെ 85% സീറ്റുകളിൽ 3.29 ലക്ഷം രൂപയും വാർഷിക ഫീസ് മാത്രമേ ഈടാക്കൂ എന്ന് ബന്ധപ്പെട്ട മാനേജ്മെന്റുകൾ അറിയിച്ചിട്ടുണ്ട്.

**രണ്ടാം ഘട്ട അലോട്ട്മെന്റിലേയ്ക്ക് വിദ്യാർത്ഥികൾക്ക് ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കുന്നതിനും, പുന:ക്രമീകരിക്കുന്നതിനും 17.08.2017 വൈകുന്നേരം 3 മണിവരെ സമയം ദീർഘിപ്പിച്ചിട്ടുണ്ട്.**

അലോട്ട്മെന്റ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ **www.cee.kerala.gov.in**, **www.cee-kerala.org** എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാക്കിയിട്ടുള്ളത് വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

തിരുവനന്തപുരം
16.08.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**